# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2977

15.02.2013-ലെ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റ് നില

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. അബ്ദുറബ്ബ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്വശ്രയ കോളേജുകളിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ നിലവിലുണ്ട് ; ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റുകൾ വീതം എന്ന് ബ്രാഞ്ചടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ; | എ) സ്വാശ്രയ കോളേജുകളിൽ 46275 എഞ്ചിനീയറിംഗ് സീറ്റുകൾ ഉണ്ട്. ബ്രാഞ്ച് അടിസ്ഥാനത്തിലുള്ള സീറ്റുകളുടെ എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) പ്രസ്തുത സീറ്റുകളിൽ ഈ അക്കാഡമിക് വർഷം എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് കോഴ്സുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ; | ബി) ഈ അക്കാഡമിക് വർഷം ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം കോഴ്സുകളുടെ അടിസ്ഥാനത്തിൽ അനുബന്ധം 2 ആയി ചേർക്കുന്നു. |
| സി) ആകെയുള്ള ബി--ടെക് സീറ്റുകളുടെ മൂന്നിലൊന്നും ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; <br> ഡി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | സി) & ഡി) സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യേണ്ട സീറ്റുകളിൽ അർഹരായ വിദ്യാർത്ഥികൾ ഓപ്ഷൻ നല്കാത്തതുമൂലവും, സ്വാശ്രയമാനേജ്മെന്റുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട തിയതിയ്ക്കു ശേഷം പ്രവേശന പരീക്ഷാ കമ്മീഷണർക്കു അലോട്ട്മെന്റ് നടത്തുവാൻ നിർവ്വാഹമില്ലാത്തതുമൂലവും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. കോളേജുകളിലെ പഠന നിലവാരം അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ സ്ഥാപന ങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| ഇ) സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര സീറ്റുകൾ നിലവിലുണ്ട്; എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു ; ബ്രാഞ്ചടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ? | ഇ) സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 4669 സീറ്റുകൾ ഉണ്ട്. ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം ബ്രാഞ്ചടിസ്ഥാനത്തിൽ അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

...ശരിപ്പകർപ്പ് ... മാണ്